നം - എൻ2/21836/2014/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 24/07/2014
Phone No. 0471 – 2328438
Email: scholarshipdpi@gmail.com

# സർക്കുലർ

വിഷയം :- പൊതു വിദ്യാഭ്യാസം - ന്യൂനപക്ഷ വിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് സ്കീം -2014-15 - അപേക്ഷ സ്വീകരിക്കുന്ന തീയതി ദീർഘിപ്പിക്കുന്നത്/ബാങ്ക് അക്കൗണ്ട് നമ്പർ എന്നിവ - സംബന്ധിച്ച്.

സൂചന :- 1. 18/06/2014 ലെ ഇതേ നമ്പർ സർക്കുലർ.
2. 10/07/2014 ലെ ഇതേ നമ്പർ നോട്ട് ഓർഡർ.

**2014-15** ലെ ന്യൂനപക്ഷ വിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് സ്കീമനുസരിച്ച്, അപേക്ഷകൾ ഹാജരാക്കേണ്ട അവസാന തീയതി **31/07/2014 ന് വൈകുന്നേരം 5 മണി**വരെയാണെന്നു സൂചന 1 പ്രകാരവും, ദിനപത്രങ്ങളിലൂടെയും നിർദ്ദേശിച്ചിരുന്നു.

എന്നാൽ സൂചന 2 അനുസരിച്ച്, വിദ്യാർത്ഥികളുടെയും രക്ഷകർത്താക്കളുടെയും അഭ്യർത്ഥന പ്രകാരം, അപേക്ഷ ഹാജരാക്കുന്നതിന് ചുവടെ രേഖപ്പെടുത്തിയ പ്രകാരമുള്ള ദീർഘിപ്പിച്ച സമയക്രമം ബന്ധപ്പെട്ട എല്ലാ അപേക്ഷകരുടെയും, സ്കൂളധികാരികളുടെയും, ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ അഫീസർമാരുടെയും അറിവിനും, തുടർനടപടിയ്ക്കുമായി നൽകുന്നു.

1. 2014 -15 ലെ ന്യൂനപക്ഷ വിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് സ്കീം പ്രകാരം അർഹത നേടുന്നതിനുള്ള പൂരിപ്പിച്ച അപേക്ഷകൾ **10/08/2014 ന് വൈകുന്നേരം 5 മണിവരെ** ബന്ധപ്പെട്ട സ്കൂളധികാരി മുമ്പാകെ ഹാജരാക്കാവുന്നതാണ്.
2. സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 10/08/2014 വരെ ലഭിക്കുന്ന അപേക്ഷകളുടെ Online Entry, Uploading എന്നീ പ്രവർത്തനങ്ങൾ **14/08/2014 ന് വൈകുന്നേരം 5 മണിയ്ക്കുള്ളിൽ** പൂർത്തിയാക്കേണ്ടതാണ്.
3. CBSE/ICSE/അംഗീകാരമുള്ള അൺ-എയ്ഡഡ് സ്കൂളുകളിൽ ലഭിക്കുന്ന അപേക്ഷകളുടെ Online Entry **14/08/2014 ന് വൈകുന്നേരം 5 മണിയ്ക്കുള്ളിൽ** പൂർത്തിയാക്കേണ്ടതും, ആയതിന്റെ ക്രോഡീകരിച്ച ലിസ്റ്റ്, അസ്സൽ അപേക്ഷകൾ എന്നിവ **16/08/2014ന് രാവിലെ 11.30 നുള്ളിൽ** ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാവിദ്യാഭ്യാസ ആഫീസുകളിൽ ഹാജരാക്കേണ്ടതുമാണ്.
4. CBSE/ICSE/അംഗീകാരമുള്ള അൺ-എയ്ഡഡ് സ്കൂളുകളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളുടെ ലിസ്റ്റ് അസ്സൽ അപേക്ഷകളുടെ സാന്നിധ്യത്തിൽ, വെബ്സൈറ്റിലെ ഡാറ്റായുമായി ഒത്തുനോക്കി, സർവറിലേയ്ക്ക് upload ചെയ്യുന്ന പ്രവർത്തനം, **20/08/2014ന് വൈകുന്നേരം 5 മണിയ്ക്കുള്ളിൽ** പൂർത്തിയാക്കുവാൻ ബന്ധപ്പെട്ട എല്ലാ ജില്ലാ/ഉപജില്ലാവിദ്യാഭ്യാസആഫീസർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

5.

- "ഫ്രഷ്" വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് അപേക്ഷ ഹാജരാക്കുന്നതിന് ബാങ്ക് അക്കൗണ്ട് നമ്പർ നിർബന്ധമില്ല. എന്നാൽ പ്രസ്തുത വിദ്യാർത്ഥികൾ സ്കോളർഷിപ്പ് തുകയ്ക്ക് അർഹത നേടുകയാണെങ്കിൽ, ആയത് അവരവരുടെ ബാങ്ക് അക്കൗണ്ട് മുഖേനയേ ലഭിക്കുകയുള്ളു.
- "റിന്യൂവൽ" വിഭാഗത്തിൽ ഹാജരാക്കുന്ന അപേക്ഷകളിൽ, വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ട് നമ്പർ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

മേൽ സൂചിപ്പിച്ച പ്രവർത്തനങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കുവാൻ, ബന്ധപ്പെട്ട എല്ലാ അപേക്ഷകരും, രക്ഷകർത്താക്കളും, സ്കൂളധികാരികളും, ജില്ലാ/ഉപജില്ലാ വിദ്യഭ്യാസ ആഫീസർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ് :-

1. എല്ലാ അപേക്ഷകരുടെയും, രക്ഷകർക്കാക്കളുടെയും അറിവിനായി
2. എല്ലാ സ്കൂളധികാരികൾക്കും/ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
3. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ, പൂജപ്പുര, തിരുവനന്തപുരം - വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്ന നടപടികൾക്കായി.
4. കരുതൽ ഫയൽ

## <u>അറിയിപ്പ്</u>

**2014-15** ലെ ന്യൂനപക്ഷവിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പിന്, **<u>10/08/2014 ന്</u> <u>വൈകുന്നേരം 5 മണിവരെ</u>** അപേക്ഷ സമർപ്പിക്കാവുന്നതാണ്. **<u>റിന്യൂവൽ</u>** വിഭാഗം അപേക്ഷകളിൽ നിർബന്ധമായും **<u>ബാങ്ക് അക്കൗണ്ട് നമ്പർ</u>** രേഖപ്പെടുത്തേണ്ടതാണ്. **<u>ഫ്രഷ്</u>** വിഭാഗത്തിൽ **<u>ബാങ്ക് അക്കൗണ്ട് നമ്പർ</u> <u>ലഭിക്കാത്തവർക്കും</u>** അപേക്ഷ ഹാജരാക്കാവുന്നതാണ്. സ്കോളർഷിപ്പിന് അർഹത നേടുന്ന ഫ്രഷ് വിഭാഗക്കാർക്ക് ബാങ്ക് അക്കൗണ്ടിലൂടെയേ തുക ലഭിക്കുകയുള്ളു എന്നുള്ളതിനാൽ പിന്നീട് ബാങ്ക് അക്കൗണ്ട് നമ്പർ എടുക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസഡയറക്ടർ

24/07/2014